വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാലും അത് വളരെ അപര്യാപ്തമാണ്. ഇപ്പോൾ ടീച്ചർമാർക്ക് 700 രൂപയും ലൈബ്രേറിയന് 700 രൂപയും ആയമാർക്ക് 450 രൂപയുമാണ് കൊടുക്കുന്നത്. അവരുടെ തുച്ഛമായിട്ടുള്ള വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. അവർക്ക് ഉൽസവബത്ത കൊടുക്കുന്നില്ല. മറ്റ് ജീവനക്കാർക്ക് നൽകുന്നതുപോലെ 1500 രൂപ ഉൽസവബത്ത നൽകാനുള്ള നടപടി സ്വീകരിക്കണം. അവരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കണം. അവർക്ക് ഫെസ്റ്റിവെൽ അലവൻസ് നൽകണം. കേരള പഞ്ചായത്ത് ലൈബ്രേറിയൻസ് അസോസിയേഷന്റെയും ശിശുമന്ദിരം ജീവനക്കാരുടെയും സംയുക്തമായിട്ടുള്ള ആഭിമുഖ്യത്തിൽ ഈ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് അവർ ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ ഉപവാസം അനുഷ്ഠിക്കുകയാണ്. ഈ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : സർ, 1988-89 സാമ്പത്തികവർഷത്തിലാണ് പതിനൊന്നിന പരിപാടിയനുസരിച്ച് ലൈബ്രറികളും ശിശുമന്ദിരങ്ങളും പഞ്ചായത്തുകളിൽ സ്ഥാപിച്ചത്. ഇവയിൽ നിയമിതരായ ലൈബ്രേറിയൻമാർക്കും ടീച്ചർമാർക്കും ആയമാർക്കും രക്ഷിതാക്കളിൽനിന്നും മാസംതോറും ഒരു തുക ലഭ്യമാക്കി ആ തുക പ്രതിഫലം നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇവരുടെ നിയമനം താൽക്കാലികമായിരുന്നുവെങ്കിലും ഓരോ വർഷവും കാലാവധി നീട്ടിക്കൊടുക്കുകയായിരുന്നു. പിന്നീട് ലൈബ്രേറിയൻ, ടീച്ചർ, ആയ എന്നിവർക്ക് പ്രതിമാസം യഥാക്രമം 300, 330, 280 രൂപാ വീതം ഓണറേറിയം നൽകിപ്പോന്നു. 8.11.95-ലെ സർക്കാർ ഉത്തരവിൻപ്രകാരം ഓണറേറിയം യഥാക്രമം 400, 425, 350 എന്നീ ക്രമത്തിൽ ഉയർത്തി. വീണ്ടും 9.7.98-ൽ ഓണറേറിയം 700, 700, 460 എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചു. 418 ലൈബ്രേറിയൻമാരാണ് സംസ്ഥാനത്തിലെ ഗ്രാമപഞ്ചായത്തുകളിലുള്ളത്. 1996 മുതൽ ഇവരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചപ്പോൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ അംഗൻവാടികളിലും ഇത്തരം ജീവനക്കാരുണ്ടെന്നും പഞ്ചായത്തുകളിൽ ജോലി നോക്കുന്നവരെ മാത്രമായി സ്ഥിരപ്പെടുത്താവുന്നതല്ലെന്നും ഇവരെയെല്ലാം സ്ഥിരപ്പെടുത്തുക സർക്കാരിന് വൻപിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമെന്നുമുള്ള നിഗമനത്തിലാണ് എത്തിയത്. എന്നിരുന്നാലും ഇവരുടെ പ്രശ്നത്തിൽ ബഹു. മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കകത്തു നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നതായിരിക്കുമെന്ന് ഞാൻ ഉറപ്പുനൽകുന്നു.

(7) തൈക്കാട് റെയിൽവേ മേൽപ്പാലത്തിനടുത്ത ഭൂമി അക്വയർ ചെയ്യുന്ന നടപടി നിറുത്തിവക്കേണ്ടത് സംബന്ധിച്ച്

ശ്രീ. ബി. വിജയകുമാർ :സർ, തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന് അടുത്ത് തൈക്കാട് റെയിൽവേ മേൽപ്പാലം മുതൽ കിഴക്കോട്ട് കിള്ളിയാറിന് അക്കരെവരെ റെയിൽവേലൈനിന് ഇരുവശവും പത്തുമീറ്റർ വീതിയിൽ സ്ഥലം അക്വയർ ചെയ്യുന്നതിന് റെയിൽവേ അധികൃതർ പ്രാരംഭ നടപടികൾ സ്വീകരിച്ചിരിക്കുന്നതായി അറിയുന്നു. ഇടതുവശത്ത് 500-ലധികം കുടുംബങ്ങൾ ഉപയോഗിക്കുന്ന റോഡും വലതുവശത്ത് വലിയശാല ഗ്രാമത്തിലെ ഏതാണ്ട് നൂറോളം ബ്രാഹ്മണ സമുദായങ്ങൾ താമസിക്കുന്ന അഗ്ര

LIBRARY ARCHIVES Kerala Legislative Assembly

ഹാരങ്ങളും ഈ സ്ഥലമെടുപ്പുമൂലം ഭാഗികമായി നഷ്ടപ്പെടുകയാണ്. പ്രസ്തുത സ്ഥലത്ത് റെയിൽവേലൈനിന് ഇരുവശവും പത്ത് മീറ്റർ അളന്ന് വീടിനുള്ളിൽ അടയാളം ചെയ്തുപോയതിൽനിന്നും സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിക്കുന്നതായി മനസ്സിലാക്കുന്നു. അടുത്തകാലത്ത് വലിയശാല ഭാഗത്ത് ജ്യോതിപുരത്ത് കിഴുക്കാംതൂക്കായ സ്ഥലം റെയിൽവേ ലൈനിന്റെ ഇരുവശവും ഇടിഞ്ഞുവീണ് ഭീക്ഷണിയായതിനെത്തുടർന്ന് ഇവിടെ സംരക്ഷണഭിത്തി കെട്ടാൻ റെയിൽവേ നടപടികൾ സ്വീകരിച്ചതാണ്. ഇപ്പോൾ ആ നടപടി പിൻവലിച്ചുകൊണ്ടാണ് ഭൂമി അക്വയർ ചെയ്തെടുക്കാനുള്ള റെയിൽവേയുടെ ശ്രമം ആരംഭിച്ചിരിക്കുന്നത്. ഒരു റീറ്റെയിനിംഗ് വാൾ നിർമ്മിച്ചാൽ തീരാവുന്ന പ്രശ്നത്തിന്റെ പേരിൽ പത്തുമീറ്റർ വീതിയിൽ നിരവധി കുടുംബങ്ങളെ വഴിയാധാരമാക്കിക്കൊണ്ട് ആ ഭൂമി അക്വയർ ചെയ്യുന്ന റെയിൽവേയുടെ നടപടികൾ നിറുത്തിവയ്ക്കാൻ ബഹു. ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണം. മൂന്നാമത് ഒരു ലൈൻ നിർമ്മിക്കുകയാണെങ്കിൽ സ്വമേധയാ ആളുകൾക്ക് ഒരു എതിർപ്പുമില്ല. ഇത് അങ്ങനെയല്ല ലൈൻ നിർമ്മിക്കാതെ, മണ്ണിടിഞ്ഞുവീണതിന്റെ പേരിൽ, കുടുംബങ്ങളെ വഴിയാധാരമാക്കുന്ന നടപടിയിൽനിന്നും റെയിൽവെ പിൻമാറുന്നതിന് ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, തിരുവനന്തപുരം നാഗർകോവിൽ സെക്ഷനിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിൽ ഭീഷണി നിലവിലുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഇരുവശത്തും പത്ത് മീറ്റർ വീതിയിൽ സ്ഥലം അക്വയർ ചെയ്താൽ മണ്ണിടിച്ചിൽ ഭീഷണി ഒഴിവാക്കാൻ കഴിയുമെന്ന് ദക്ഷിണ റെയിൽവേ ഹെഡ്ക്വാർട്ടേഴ്സ് തിരുവനന്തപുരം ഡിവിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ചില സ്ഥലങ്ങളിൽ റെയിൽവേ ലൈനിന് ഇരുവശത്തും പത്ത് മീറ്റർ വീതിയിൽ സ്ഥലം അക്വയർ ചെയ്യുന്നതിന് റെയിൽവേ അധികൃതർ പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുള്ളത്. കിഴുക്കാംതൂക്കായ സ്ഥലത്ത് റെയിൽവേലൈനിന് ഇരുവശത്തും മണ്ണിടിഞ്ഞ് ഭീഷണിയായതിനെത്തുടർന്ന് ഇരുവശത്തും സംരക്ഷണഭിത്തി നിർമ്മിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. തിരുവനന്തപുരം നാഗർകോവിൽ ഡിവിഷനിൽ വളരെ ഇടുങ്ങിയ സ്ഥലത്തുകൂടിയാണ് റെയിൽവേലൈൻ കടന്നുപോകുന്നത്. ഈ ഡിവിഷൻ രണ്ടുവരിയാക്കാൻ ഇരുവശത്തുനിന്നും ഭൂമി അക്വയർ ചെയ്തെടുക്കേണ്ടിവന്നു. രണ്ടു ലൈൻ നിലവിലുള്ള ഇവിടെ മൂന്നാമത് ഒരു ലൈൻ നിർമ്മിക്കുന്നില്ലെങ്കിൽ ഈ നടപടി പിൻവലിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സംഗതി വളരെ അടിയന്തിര സ്വഭാവമുള്ള സംഗതിയായി, അർജൻസി സർട്ടിഫിക്കറ്റ് ബേയ്സിൽ റെയിൽവേ എടുത്തിട്ടുണ്ട്. കനത്ത മഴയിൽ ഇനിയും മണ്ണിടിച്ചിൽമൂലം നാശം സംഭവിക്കാതിരിക്കാൻ ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നതായിട്ടാണ് റെയിൽവേ അധികൃതർ അറിയിച്ചിട്ടുള്ളത്. അല്ലാതെ മൂന്നാമത് ഒരു ലൈൻ നിർമ്മിക്കാൻവേണ്ടിയല്ല ഈ സ്ഥലമെടുപ്പെന്ന് റെയിൽവെ അധികൃതർതന്നെ അറിയിച്ചിട്ടുണ്ട്. നാട്ടുകാരുടെ ബുദ്ധിമുട്ട് എങ്ങനെ പരമാവധി കുറക്കാമെന്നതിനെ സംബന്ധിച്ചിടത്തോളം ആവശ്യമെന്നുകണ്ടാൽ ബഹു. അംഗവും റെയിൽവേ അധികൃതരുമായിട്ട് ഒരു ചർച്ച ചെയ്യാവുന്നതാണ്.

(8) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയോടുള്ള അവഗണന

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ആലപ്പുഴ ട്രാൻസ്പോർട്ട് ഡിപ്പോയോട് ഗവൺമെന്റ് കാണിക്കുന്ന കടുത്ത അവഗണനയ്ക്കെതിരായിട്ടാണ് എന്റെ സബ്മിഷൻ അവതരിപ്പിക്കുന്നത്. പൊതുവെ ഒരുപാട് പരാധീന

LIBRARY ARCHIVES Kerala Legislative Assembly